# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.56

### 29-05-2019 ൽ മറുപടിക്ക്

### കിഫ്ബി മസാല ബോണ്ടിന്റെ പലിശനിരക്ക്

| ചോദ്യം<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. അനിൽ അക്കര<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ. വി.പി.സജീന്ദ്രൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്ത പതിനാറ് ഇന്ത്യൻ കമ്പനികൾ 5.5 മുതൽ 8 ശതമാനം വരെ പലിശയ്ക്കാണ് മസാല ബോണ്ടുകൾ ഇറക്കിയത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കിഫ്ബി മസാല ബോണ്ടിലേക്ക് 9.723 ശതമാനം പലിശ നൽകുവാൻ തീരുമാനിച്ചത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ; | നിലവിലെ വ്യവസ്ഥകൾ പ്രകാരം അന്താരാഷ്ട്ര വിപണിയിലെ പ്രാമാണിക രീതികൾ അടിസ്ഥാനമാക്കിയാണ് പലിശനിരക്ക് നിശ്ചയിക്കപ്പെടുന്നത്. വ്യാപകമായ പ്രചാരണം ഉറപ്പുവരുത്തിയാണ് 2018 സെപ്തംബർ 19-ാം തീയതി ലണ്ടൻ, സിംഗപ്പൂർ സ്റ്റോക്ക് എക്സ്ചേഞ്ചുകളിൽ കിഫ്ബി മസാല ബോണ്ട് ലിസ്റ്റ് ചെയ്യപ്പെട്ടത്. ഇതുവരെ ഇന്ത്യൻ കമ്പനികൾ ഇഷ്യൂ ചെയ്ത മസാല ബോണ്ടിൽ നിക്ഷേപം നടത്തിയിട്ടുള്ള എല്ലാ നിക്ഷേപകരുമായും കിഫ്ബി മീറ്റിംഗ് നടത്തിയിരുന്നു. സിംഗപ്പൂരിലും ഹോംങ്കോങിലും ലണ്ടനിലും ദുബായിലും വച്ച് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിലുള്ള കിഫ്ബിയുടെ ഉന്നതതല സംഘം നിക്ഷേപകരുമായി നടത്തിയ നിരവധി കൂടിക്കാഴ്ചകളിൽ ഫലപ്രദമായ ചർച്ചകൾ നടന്നു. ഇത്തരത്തിൽ സുതാര്യമായി നടന്ന പ്രക്രിയകളിലൂടെയാണ് ഇപ്പോൾ കാണുന്ന പലിശനിരക്കായ 9.723% ൽ എത്തിച്ചേർന്നത്. |
| (ബി) നിലവിൽ കിഫ്ബിയുടെ ക്രെഡിറ്റ് റേറ്റിംഗ് എത്രയാണ് എന്ന് വ്യക്തമാക്കാമോ; | മൂന്നു തരത്തിലുള്ള ഫണ്ടുകളാണ് കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്കും അവരുടെ ഏജൻസികൾക്കും ലഭിക്കാൻ കഴിയുന്നതായി നിലവിലുള്ളത്. |
| (സി) ക്രെഡിറ്റ് റേറ്റിംഗ് കുറവായ കമ്പനികൾ മസാല ബോണ്ട് ഇറക്കുമ്പോൾ ഉയർന്ന പലിശ നൽകേണ്ട സാഹചര്യമുണ്ടോ; | **എ)** ലോക ബാങ്ക്/ ADB, ദ്വിമുഖ ഏജൻസികളായ JICA (ജപ്പാൻ), KFW (ജർമ്മനി), AFD (ഫ്രാൻസ്) തുടങ്ങി ബഹുമുഖസ്വഭാവം പുലർത്തുന്ന സ്ഥാപനങ്ങൾ നൽകുന്ന സൗജന്യ നിരക്കിലുള്ള വായ്പ. ഭാരത സർക്കാർ നിശ്ചയിച്ചിട്ടുള്ള കടമെടുക്കൽ പരിധി |
| (ഡി) ഉണ്ടെങ്കിൽ മസാല ബോണ്ടിന് പകരം കുറഞ്ഞ പലിശനിരക്കുള്ള മറ്റ് | (സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 3% എന്ന് നിലവിൽ) യുടെ ഉള്ളിൽനിർത്തി ബഡ്ജറ്റിലൂടെ മാത്രമേ ഈ ധനസഞ്ചയങ്ങൾ |

| | |
|---|---|
| ധനാഗമമാർഗ്ഗങ്ങൾ കിഫ്ബി തേടാതിരുന്നത് ഏത് സാഹചര്യത്തിലാണ് എന്ന് അറിയിക്കുമോ? | സംസ്ഥാനസർക്കാരിനു പ്രാപ്യമാവുകയുള്ളൂ. സംസ്ഥാന ബഡ്ജറ്റിൽ നിന്നു ലഭിക്കാവുന്ന ധനത്തിനുമപ്പുറമുള്ള പണം കണ്ടെത്തി അടിസ്ഥാന സൗകര്യ വികസന ആവശ്യങ്ങൾക്കായി ചെലവഴിച്ച് നാടിന്റെ വികസനത്തിൽ വൻകുതിച്ചുചാട്ടമുണ്ടാക്കുക എന്നതാണ് കിഫ്ബിയുടെ പിന്നിലെ ആശയം. അതിനാൽ, അടുത്ത മൂന്നു വർഷം കൊണ്ട് അടിസ്ഥാന ആവശ്യങ്ങൾക്കുള്ള സൗകര്യ വികസന പ്രോജക്ടുകൾ പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ള 50,000 കോടി രൂപ സമാഹരിക്കുവാൻ കിഫ്ബിയ്ക്ക് ഈ ഫണ്ടുകളെ മാത്രം ആശ്രയിച്ചുകൊണ്ട് കഴിയില്ല.<br>**ബി)** വിദേശത്തുനിന്ന്, ഡോളറിലോ മറ്റു രാജ്യാന്തര നാണയങ്ങളിലോ, ലഭിക്കുന്ന വാണിജ്യ സംബന്ധമായ വായ്പകൾ.<br>അന്യരാജ്യത്തുനിന്നുള്ള നാണയത്തിൽ (ഒട്ടു മിക്കവാറും അമേരിക്കൻ ഡോളർ) ലഭിക്കുന്ന വിദേശ വാണിജ്യ വായ്പ (External Commercial Borrowing) കളിൽ ബോണ്ട് പുറത്തിറക്കുന്ന ഏജൻസിയാണ് വിനിമയ നിരക്കിലുള്ള നഷ്ടസാധ്യത വഹിക്കുന്നത്. തിരിച്ചടവിന്റെ സമയത്ത് രൂപയും ഡോളറും തമ്മിലുള്ള വിനിമയ നിരക്ക് 70 രൂപയിൽ (നിലവിലുള്ളത്) നിന്ന് 140 രൂപയായി (സാധ്യത) മാറിയാൽ തിരിച്ചടവിന്റെ വലിയ ബാധ്യത കിഫ്ബിയെപ്പോലെ ഒരു ഏജൻസിയെ തകർത്തു കളയും എന്നാണ് ഇത് അർത്ഥമാക്കുന്നത്. അതിനാൽ കടം വാങ്ങുന്നവർ ബാങ്കുകളിലും മറ്റ് ധനകാര്യ സ്ഥാപനങ്ങളിലും നിന്ന് ഹെഡ്ജ് വാങ്ങുന്നു. ഈ ഹെഡ്ജുകളുടെ പലിശത്തുക 4 മുതൽ 6 ശതമാനം വരെയാണ്. ഇതുകൂടി കൂട്ടിയാൽ കിഫ്ബി പോലുള്ള സ്ഥാപനങ്ങൾക്ക് മറ്റ് നാണയങ്ങളിൽ കുറഞ്ഞനിരക്കിൽ ലഭിക്കുന്ന വായ്പകൾകൊണ്ട് ഒരു പ്രയോജനവും ഇല്ലാതെ വരുന്നു.<br>**സി)** മസാല ബോണ്ട്.<br>വിദേശ വാണിജ്യ വായ്പ ഇന്ത്യൻ രൂപയിൽ ലഭിക്കുന്നതാണ് മസാല ബോണ്ട്. കടപ്പത്രം ഇറക്കുന്ന കിഫ്ബി പോലുള്ള ഏജൻസിക്ക് വിനിമയ നിരക്കിൽ വരുന്ന അപകട സാധ്യത വഹിക്കേണ്ടി വരില്ല എന്നതാണ് ഇതിന്റെ പ്രത്യേകത. എങ്കിലും, 2016 ൽ ഭാരതീയ റിസർവ് ബാങ്ക് പ്രഖ്യാപിച്ച മസാലബോണ്ട് ഇപ്പോഴും വികാസത്തിന്റെ പാതയിലാണ്. AAA ആഭ്യന്തര റേറ്റിങ് ഉള്ളവരോ അന്താരാഷ്ട്ര റേറ്റിങ് AAA/BBB/BBB-/BB+ എങ്കിലുമുള്ളവരോ മാത്രമാണ് മുമ്പ് മസാലബോണ്ട് |

പുറത്തിറക്കിയിട്ടുള്ളത്. അവർക്ക് 8 – 8.5% വച്ച് പലിശനിരക്ക് നേടുവാനായിട്ടുണ്ട്. ഒരു കടപ്പത്ര ദാതാവായ International Financial Corporation (IFC) 6.5% നിരക്കിൽ അവരുടെ മസാലബോണ്ട് വിറ്റിരുന്നു. IFC യുടെ റേറ്റിങ് സാക്ഷാൽ ഇന്ത്യൻ സർക്കാരിന്റെ റേറ്റിങ് ആയ BBB-നും ഒമ്പത് നില മുകളിൽ AAA ആണ് എന്നതാണ് യാഥാർത്ഥ്യം.

എല്ലാ മെഗാ പ്രോജക്ടുകൾക്കും ഇത്തരത്തിൽ സമ്മിശ്രമായ നിരക്കിലും വിവിധ സ്രോതസ്സുകളിൽ നിന്ന് പണം കണ്ടെത്തേണ്ടിവരും. കൊച്ചി മെട്രോയുടെ നിർമ്മാണത്തിനായി കേന്ദ്ര സർക്കാർ കെ.എഫ്.ഡബ്ല്യൂ പോലുള്ള ഏജൻസികളിൽ നിന്ന് താരതമ്യേന കുറഞ്ഞ നിരക്കിൽ കടമെടുത്ത ശേഷം കൂടുതൽ പണം ആവശ്യമായി വന്ന ഘട്ടത്തിൽ കാനറാ ബാങ്കിൽ (10.56%) നിന്നും എറണാകുളം ഡിസ്ക്ട്രിക്റ്റ് കോഓപ്പറേറ്റീവ് ബാങ്കിൽ നിന്നും (9.6%) ഉയർന്ന നിരക്കിൽ കടമെടുക്കേണ്ടി വന്നിട്ടുണ്ട്.

ഇഷ്യൂവറിന്റെ റേറ്റിംഗ് അനുസരിച്ചും ബോണ്ടിന്റെ കാലാവധിയനുസരിച്ചും പലിശ നിരക്കിൽ വ്യത്യാസം വരും.

**Masala Bond Issuance by other entities**

| Issuer | Coupon | Issue Date | Original Maturity (Years) | Rating International | Rating Domestic |
|---|---|---|---|---|---|
| IFC | 6.3 | 19-10-2018 | 5 | AAA | AAA |
| HDFC | 6.875 | 3/30/2017 | 3 | - | AAA |
| HDFC | 7 | 9/9/2016 | 3 | - | AAA |
| IREDA | 7.125 | 10/10/2017 | 5 | BBB- | AAA |
| NTPC | 7.25 | 5/3/2017 | 5 | BBB- | AAA |
| NHAI | 7.3 | 5/18/2017 | 5 | - | AAA |
| NTPC | 7.375 | 8/10/2016 | 5 | BBB- | AAA |
| HDFC | 7.875 | 7/21/2016 | 3 | - | AAA |
| HDFC Bank | 8.1 | 3/22/2018 | 7 | BBB- | AAA |
| Dewan Housing | 8.5 | 4/18/2018 | 5 | - | AAA |
| IHFL | 8.567 | 9/15/2016 | 3 | - | AAA |
| KIIFB | 9.723 | 3/29/2019 | 5 | BB | A+ |

അന്താരാഷ്ട്രതലത്തിൽ കിഫ്ബി റേറ്റ് ചെയ്യപ്പെട്ടിരിക്കുന്നത് BB എന്നും ആഭ്യന്തരതലത്തിൽ A+ എന്നുമാണ്. മികച്ച അന്താരാഷ്ട്ര റേറ്റിങ് ഉള്ള ഏജൻസികളെ അപേക്ഷിച്ച് 1.5-2% അധികം പലിശ കിഫ്ബി പോലെ ഒരു ഏജൻസിക്ക് കൊടുക്കേണ്ടിവരുന്നത് സ്വാഭാവികമാണ്. എന്നിരുന്നാലും ഇന്ത്യയിലെ ഏറ്റവും റേറ്റിങ് ഉള്ള സംസ്ഥാന സർക്കാർ

| | |
|---|---|
| | സ്ഥാപനമാണ് കിഫ്ബി. ഈ റേറ്റിങ്ങിൽ കിഫ്ബിയ്ക്ക് നേടാനാകുന്ന പരമാവധി ആദായകരമായ പലിശ നിരക്കാണ് 9.723%. ഇതേ റേറ്റിംഗ് ഉള്ള മറ്റ് ഇന്ത്യൻ ഏജൻസികൾ പുറപ്പെടുവിച്ച ആഭ്യന്തര ബോണ്ടുകളുടെ നിരക്കുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br>ഇന്ത്യയിലെ ആഭ്യന്തര വിപണിയിൽ കിഫ്ബി ഇതിനകം രണ്ടു തവണ വായ്പാശ്രമങ്ങൾ നടത്തുകയുണ്ടായി. 10.20% മുതൽ 10.25% വരെയാണ് അപ്പോഴൊക്കെ നമുക്ക് വാഗ്ദാനം ചെയ്ത ഏറ്റവും കുറഞ്ഞ പലിശ നിരക്ക്. അതിനോടൊപ്പം അറിയേണ്ട മറ്റൊരു കാര്യം, കിഫ്ബിയ്ക്കു തുല്യം വ്യവസ്ഥാപിത സ്ഥാപനമായ ആന്ധ്രാപ്രദേശ് കാപ്പിറ്റൽ റീജിയൻ ഡവലപ്മെന്റ് അതോറിറ്റി (APCRDA) യ്ക്ക് ഈയിടെ പണം എടുത്തത് 10.34% (ത്രൈമാസ അടിസ്ഥാനത്തിൽ) നിരക്കിൽ ആണെന്നുള്ളതാണ്. ഇതുകൊണ്ടുകൂടിയാണ് ആദ്യം വിദേശ വിപണിയിൽ ഇറങ്ങുക, ഭാവിയിൽ ആവശ്യമായാൽ മാത്രം ആഭ്യന്തര വിപണിയിൽനിന്ന് ധനം സ്വീകരിക്കുക എന്ന തന്ത്രം കിഫ്ബി സ്വീകരിച്ചത്. അന്താരാഷ്ട്ര വിപണിയിൽ ആദ്യമായി ഇറങ്ങുന്ന ഏജൻസി എന്ന നിലയ്ക്ക്, ഇതിനുമുമ്പ് ഈ മേഖലയിലുള്ള നമ്മുടെ മികവിനെ താരതമ്യം ചെയ്യാനില്ലാത്ത സ്ഥിതിയ്ക്ക്, ഇപ്പോൾ നമുക്കു കിട്ടിയ പലിശ നിരക്ക് ന്യായമായതു തന്നെയാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Issuer Name | Coupon | Issue Date | Maturity | Original Maturity (Years) | Currency | Amount Issued in Cr | Maturity Type | CRISIL Rtg | CARE Rating | ICRA Rating |
|---|---|---|---|---|---|---|---|---|---|---|
| Kaithal Tollway Pvt Ltd | 9.75 | 1/30/2019 | 6/1/2034 | 15 | INR | 5500000000 | SINKABLE | - | - | - |
| Molagavalli Renewable Pvt Ltd | 9.95 | 4/3/2018 | 3/31/2023 | 5 | INR | 3130000000 | CALLABLE | - | A+ | - |
| Archean Chemical Industries Pvt Ltd | 10 | 11/22/2018 | 11/21/2024 | 6 | INR | 7397000000 | AT MATURITY | - | - | B |
| Ind-Swift Laboratories Ltd | 10 | 6/13/2018 | 6/12/2024 | 6 | INR | 4245000000 | AT MATURITY | - | C | - |
| Kosamattam Finance Ltd | 10 | 1/31/2019 | 1/30/2024 | 5 | INR | 2122000000 | AT MATURITY | - | - | - |
| Kosamattam Finance Ltd | 10 | 4/23/2018 | 4/21/2023 | 5 | INR | 10000000000 | AT MATURITY | - | - | - |
| Aspire Home Finance Corp Ltd | 10 | 10/19/2018 | 10/19/2024 | 6 | INR | 2500000000 | PUTABLE | A+ | - | - |
| Srei Equipment Finance Ltd | 10.05 | 1/24/2019 | 1/24/2024 | 5 | INR | 3000000000 | AT MATURITY | - | - | - |
| Kosamattam Finance Ltd | 10.25 | 1/31/2019 | 1/30/2026 | 7 | INR | 2122000000 | AT MATURITY | - | - | - |
| Kosamattam Finance Ltd | 10.25 | 9/24/2018 | 9/23/2025 | 7 | INR | 2347000000 | AT MATURITY | - | - | - |
| Kosamattam Finance Ltd | 10.25 | 9/24/2018 | 9/23/2023 | 5 | INR | 2347000000 | AT MATURITY | - | - | - |
| Andhra Pradesh Capital Region Development Authority | 10.32 | 8/16/2018 | 8/16/2024 | 6 | INR | 4000000000 | SINKABLE | A+(so) | - | - |
| Andhra Pradesh Capital Region Development Authority | 10.32 | 8/16/2018 | 8/16/2028 | 10 | INR | 4000000000 | SINKABLE | A+(so) | - | - |
| Andhra Pradesh Capital Region Development Authority | 10.32 | 8/16/2018 | 8/16/2025 | 7 | INR | 4000000000 | SINKABLE | A+(so) | - | - |
| Andhra Pradesh Capital Region Development Authority | 10.32 | 8/16/2018 | 8/16/2027 | 9 | INR | 4000000000 | SINKABLE | A+(so) | - | - |
| Andhra Pradesh Capital Region Development Authority | 10.32 | 8/16/2018 | 8/16/2026 | 8 | INR | 4000000000 | SINKABLE | A+(so) | - | - |
| Jammu & Kashmir Bank Ltd/The | 10.5 | 6/14/2018 | #N/A Field Not Applical | | INR | 10000000000 | PERP/CALL | - | - | - |
| Srei Equipment Finance Ltd | 10.5 | 1/24/2019 | 1/24/2024 | 5 | INR | 3000000000 | AT MATURITY | - | - | - |
| Future Enterprises Ltd | 10.5 | 1/3/2019 | 1/3/2025 | 6 | INR | 2500000000 | PUTABLE | - | - | - |
| Srei Equipment Finance Ltd | 10.75 | 1/24/2019 | 1/24/2029 | 10 | INR | 3000000000 | AT MATURITY | - | - | - |
| Srei Equipment Finance Ltd | 10.75 | 1/24/2019 | 1/24/2029 | 10 | INR | 3000000000 | AT MATURITY | - | - | - |
| Central Bank of India | 10.8 | 3/28/2019 | 5/29/2029 | 10 | INR | 5000000000 | CALLABLE | A+ | - | - |
| JSW GMR Cricket Pvt Ltd | 11 | 6/8/2018 | 6/8/2023 | 5 | INR | 5500000000 | CALL/SINK/PUT | - | - | - |
| Satin Creditcare Network Ltd | 11.095 | 12/14/2018 | 12/14/2023 | 5 | INR | 2130000000 | AT MATURITY | - | A- | - |
| Loma Co-developers 1 Pvt Ltd | 11.25 | 7/6/2018 | 7/5/2048 | 30 | INR | 2147500000 | AT MATURITY | - | - | - |
| Loma Co-developers 1 Pvt Ltd | 11.25 | 12/6/2018 | 12/5/2048 | 30 | INR | 2147500000 | AT MATURITY | - | - | - |
| Loma Co-developers 1 Pvt Ltd | 11.25 | 10/12/2018 | 10/11/2048 | 30 | INR | 2147500000 | AT MATURITY | - | - | - |
| Loma Co-developers 2 Pvt Ltd | 11.25 | 7/6/2018 | 7/5/2048 | 30 | INR | 2864800000 | AT MATURITY | - | - | - |
| Loma Co-developers 2 Pvt Ltd | 11.25 | 6/4/2018 | 6/3/2048 | 30 | INR | 2864800000 | AT MATURITY | - | - | - |
| Loma Co-developers 2 Pvt Ltd | 11.25 | 2/25/2019 | 2/24/2049 | 30 | INR | 2864800000 | AT MATURITY | - | - | - |
| Loma Co-developers 2 Pvt Ltd | 11.25 | 12/6/2018 | 12/5/2048 | 30 | INR | 2864800000 | AT MATURITY | - | - | - |
| Loma Co-developers 2 Pvt Ltd | 11.25 | 10/12/2018 | 10/11/2048 | 30 | INR | 2864800000 | AT MATURITY | - | - | - |
| Indian Overseas Bank | 11.7 | 12/10/2018 | 12/8/2028 | 10 | INR | 3000000000 | CALLABLE | A+ | - | A+ |
| South Indian Bank Ltd/The | 11.75 | 3/26/2019 | 6/26/2029 | 10 | INR | 2500000000 | CALLABLE | - | A+ | - |
| Rishanth Wholesale Trading Pvt Ltd | 11.9 | 10/22/2018 | 10/20/2023 | 5 | INR | 2000000000 | CALL/SINK | - | - | - |
| Rishanth Wholesale Trading Pvt Ltd | 11.9 | 10/22/2018 | 10/20/2023 | 5 | INR | 6000000000 | CALL/SINK | - | - | - |
| Karur Vysya Bank Ltd/The | 11.95 | 3/12/2019 | 6/12/2029 | 10 | INR | 4870000000 | CALLABLE | - | - | A |
| Karnataka Bank Ltd/The | 12 | 2/18/2019 | 2/18/2029 | 10 | INR | 4000000000 | CALLABLE | - | A | A |
| Karnataka Bank Ltd/The | 12 | 11/16/2018 | 11/16/2028 | 10 | INR | 8000000000 | AT MATURITY | - | A | A |
| Reliance Power Ltd | 12.18 | 4/4/2018 | 4/4/2025 | 7 | INR | 2500000000 | SINKABLE | - | - | BB |
| Rivaaz Trade Ventures Pvt Ltd | 12.25 | 9/28/2018 | 9/30/2023 | 5 | INR | 2500000000 | AT MATURITY | - | - | - |
| Phoenix Infocity Pvt Ltd | 13.045 | 6/12/2018 | 6/11/2048 | 30 | INR | 2890000000 | AT MATURITY | - | - | - |
| Satyatower Affordables Projects Pvt Ltd | 15 | 6/28/2018 | 5/31/2023 | 5 | INR | 5000000000 | CALLABLE | - | - | - |
| Renaissance Indus Infra Pvt Ltd | 16 | 6/29/2018 | 6/30/2024 | 6 | INR | 2800000000 | SINKABLE | - | - | - |